ജീവനക്കാരുടെ കുറവ് കാരണം ഹയർ സെക്കണ്ടറി സ്കൂൾ കോഴിക്കോട് മേഖലാ ഓഫീസിലെ പ്രവർത്തനങ്ങൾ മന്ദഗതിയിലാകുന്നത് പരിഹരിക്കാൻ നടപടി

80 (2086) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹയർസെക്കന്ററി മേഖലാ ഓഫീസുകളിൽ ഹയർ സെക്കന്ററി അദ്ധ്യാപകരുടെയും, വിദ്യാർത്ഥികളുടെയും, ഇതര ജീവനക്കാരുടെയും ഏതൊക്കെ ഫയലുകളാണ് കൈകാര്യം ചെയ്യുന്നതെന്ന് വിശദീകരിക്കുമോ ;

(ബി) ഹയർ സെക്കന്ററി കോഴിക്കോട് മേഖലാ ഓഫീസിന് കീഴിൽ എത്ര എയ്ഡഡ്, സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളും, വിദ്യാർത്ഥികളുമുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) കോഴിക്കോട് മേഖലാ ഹയർ സെക്കണ്ടറി ഓഫീസിൽ പ്രസ്തുത സ്കൂളുകളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഇതര ജീവനക്കാരുടെയും ഫയലുകൾ കൈകാര്യം ചെയ്യാൻ എത്ര ജീവനക്കാരുണ്ട് ; ഏതൊക്കെ കാറ്റഗറിയിലുള്ള ജീവനക്കാരാണ് ഉള്ളതെന്ന് വിശദീകരിക്കുമോ ;

(ഡി) മതിയായ ജീവനക്കാർ ഇല്ലാത്തത് കാരണം ഹയർസെക്കണ്ടറി കോഴിക്കോട് മേഖലാ ഓഫീസിലെ ദൈനംദിന പ്രവർത്തനങ്ങൾ മന്ദഗതിയിലാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) സ്കൂളുകളുടെയും വിദ്യാർത്ഥികളുടെയും ബാഹുല്യം കണക്കിലെടുത്ത് കോഴിക്കോട് ഹയർ സെക്കന്ററി മേഖലാ ഓഫീസിലേക്ക് കൂടുതൽ തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 23-6-2005-ലെ സ.ഉ (കയ്യെഴുത്ത് നം. 192/2005/പൊവിവ-ന് അനുബന്ധമായി മേഖല ഓഫീസുകളിലെ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നിർണ്ണയിച്ച് അധികാരപ്പെടുത്തിയിരിക്കുന്ന വിവിധ വിഷയങ്ങൾ സംബന്ധിച്ച ഫയലുകളാണ് കൈകാര്യം ചെയ്യുന്നത്.

(ബി) 311 സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളും 221 എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളുമുണ്ട്. ആകെ 89,673 വിദ്യാർത്ഥികളുമുണ്ട്.

(സി) 17 ജീവനക്കാരുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു :

1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ..1
2. അക്കൗണ്ട്സ് ഓഫീസർ ..1

LIBRARY ARCHIVES Kerala Legislative Assembly

3. ജൂനിയർ സൂപ്രണ്ട് .. 1

4. എൽ.ഡി. ക്ലാർക്ക് .. 10

5. എൽ.ഡി. ടൈപ്പിസ്റ്റ് .. 2

6. പ്യൂൺ .. 2

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

ഉത്തരക്കടലാസ് കാണാതായ സംഭവം

81 (2087) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010 മാർച്ച് മാസത്തിൽ നടത്തിയ പ്ലസ് ടു മാത്തമറ്റിക്സ് പരീക്ഷയിൽ പാലക്കാട് ജില്ലയിലെ എടപ്പലം പി.ടി.എം. ഹയർ സെക്കന്ററി സ്കൂളിൽ സഹ്‌ലക്ഷഹീന എ. പി. എന്ന വിദ്യാർത്ഥിനി പരീക്ഷ എഴുതുക ഉണ്ടായോ ;

(ബി) ഈ കുട്ടിക്ക് പ്രസ്തുത പരീക്ഷയിൽ 24 മാർക്കാണ് ലഭിച്ച തെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പിന്നീട് സൂക്ഷ്മ പരിശോധനയിൽ ഈ കുട്ടി എഴുതിയ ഉത്തരക്കടലാസുകളിൽ 14 പേജുകളിലായി എഴുതിയ ഉത്തരങ്ങൾ കാണാതെ പോയ കാര്യം പരിശോധിക്കുകയുണ്ടായോ ;

(ഡി) മാർക്ക് ഗണ്യമായി കുറയാൻ ഇതു കാരണമായി എന്ന് കരുതുന്നുണ്ടോ ;

(ഇ) ഇപ്പോൾ ഒരദ്ധ്യയനവർഷം കുട്ടിക്ക് പൂർണ്ണമായും നഷ്ടപ്പെട്ട കാര്യം സർക്കാർ ശ്രദ്ധയിലുണ്ടോ ;

(എഫ്) ഇതു സംബന്ധമായി വിദ്യാഭ്യാസ വകുപ്പ് ഏതെങ്കിലും തലത്തിൽ ഒരന്വേഷണം ഇതിനകം നടത്തുക ഉണ്ടായോ ;

(ജി) എങ്കിൽ അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെ ;

(എച്ച്) ആർക്കെങ്കിലുമെതിരെ ഇതിനകം എന്തെങ്കിലും നടപടി സ്വീകരിക്കുകയുണ്ടായോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) എഴുതിയിരുന്നു.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly